**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1551** **11-09-2023 - ൽ മറുപടിയ്ക്ക്**

**തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള നൈപുണ്യപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ,<br>ശ്രീ. കെ. ആൻസലൻ,<br>ശ്രീ. പി. വി. അൻവർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തൊഴിലാളികളുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനായി പ്രത്യേകമായ നൈപുണ്യ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; സാങ്കേതിക വിദ്യയിൽ ഉണ്ടാകുന്ന മാറ്റം ഉൾക്കൊണ്ട് തൊഴിലാളികളുടെ തൊഴിൽ വൈദഗ്ദ്ധ്യം കാലോചിതമായി മെച്ചപ്പെടുത്താൻ പ്രസ്തുത പദ്ധതി എങ്ങനെയെല്ലാം സഹായകമാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | **(എ)** സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വിവിധ മേഖലകളിൽ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും നൈപുണ്യ പരിശീലനം നൽകി വരുന്നു. കെയ്സും ലേബർ കമ്മീഷണറേറ്റും സംയുക്തമായി കാലഹരണപ്പെട്ടതും കാലഹരണഭീഷണി നേരിടുന്നതുമായ തൊഴിൽ മേഖലകളിൽ പ്രവർത്തിക്കുന്ന വരെയും, പ്രവർത്തിച്ചിരുന്നവരെയും, പ്രവർത്തിക്കാൻ താല്പര്യമുള്ളവരുമായ ലേബർ വെൽഫെയർ ബോർഡുകളിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളിലകളെ കണ്ടെത്തി നൂതന നൈപുണ്യ പരിശീലനം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനായി "പ്രതീക്ഷ" എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട് . ഈ പദ്ധതി വഴി മേൽ പറഞ്ഞ തൊഴിൽ മേഖലയിൽ നിന്നുമുള്ള തൊഴിലാളികളെ കാലാനുസൃതമായ പരിശീലനം നൽകി വിവിധ മേഖലകളിൽ പുനർവിന്യസിപ്പിക്കുന്നതിനും, അവരെ സ്കിൽ രജിസ്ട്രി എന്ന മൊബൈൽ ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്യിപ്പിച്ച് സ്ഥിര വരുമാനം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നൈപുണ്യ വികസനത്തിനായി ട്രെയിനിംഗ് സെന്ററുകൾ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ? | (ബി) | **(ബി)** സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) വിവിധ മേഖലകളിൽ എല്ലാ വിഭാഗത്തിൽ പെട്ടവർക്കും നൈപുണ്യ പരിശീലനം നൽകുന്നതിന്റെ ഭാഗമായി ട്രെയിനിങ് സെന്ററുകൾ രൂപീകരിച്ചിട്ടുണ്ട് . ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :<br>1 ) നഴ്സിംഗ് മേഖലയിൽ നൈപുണ്യ വികസനത്തിനായി തിരുവനന്തപുരം ജില്ലയിൽ NICE (Nursing Institute for Career Enhancement) എന്ന സ്ഥാപനം KASE ന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. |

2 ) KASE ന് കീഴിൽ ഓയിൽ & റിഗ് മേഖലയിൽ മികവിന്റെ കേന്ദ്രമായ Enlighten Skills Program for Oil & Rig (ESPOiR) എറണാകുളം ജില്ലയിലെ അങ്കമാലിയിലുള്ള ഇന്റർനാഷണൽ സ്കിൽസ് പാർക്കിൽ പ്രവർത്തിച്ചുവരുന്നു.
3 ) നിർമാണമേഖലയിൽ രാജ്യാന്തര നിലവാരത്തിൽ പരിശീലനം നൽകി തൊഴിൽ ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ കൺസ്ട്രക്ഷൻ മേഖലകളിൽ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of nfrastructure and Construction (IIIC) പ്രവർത്തിച്ചു വരുന്നു.
4) KASE- ഉം ഒഡെപെക് (ODEPC) യുമായി സഹകരിച്ച് Multi Language Learning Institute എന്നപേരിൽ അങ്കമാലിയിൽ ഇൻകെൽ ടവറിൽ IELTS/OET പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നു.
5) കേന്ദ്ര നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സംസ്ഥാന നോഡൽ ഏജൻസി ആയ അനെർട്ടും(ഏജൻസി ഫോർ ന്യൂ ആന്റ് റിന്യൂവബിൾ എനർജി റിസർച്ച് ആൻഡ് ടെക്നോളജി) കെയ്സും സഹകരിച്ചു കൊണ്ട് ഈ മേഖലയിലെ ആദ്യത്തെ മികവിന്റെ കേന്ദ്രം തിരുവനന്തപുരത്ത് പ്രവർത്തിച്ചു വരുന്നു.
6) സംസ്ഥാനത്തുടനീളം മൂല്യവർദ്ധിത ഉത്പന്ന മേഖലയിലും സേവന മേഖലയിലും കൂടുതൽ പുതിയ വ്യവസായ സംരഭങ്ങൾ സൃഷ്ടിക്കുന്നതിനായി വ്യവസായ വകുപ്പിനു കീഴിലുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എന്റർപ്രെനർഷിപ്പ് ഡെവലപ്മെൻറ്-മായി (KIED) സഹകരിച്ച് എന്റർപ്രൈസ് ഡെവലപ്മെൻറ് സെന്റർ (EDC)/ ഇൻക്യൂബേറ്റർ- കോ-വർക്കിംഗ് സ്പേസ് എന്ന പേരിൽ സംരംഭകത്വ വികസന പരിശീലന കേന്ദ്രം പ്രവർത്തിച്ചു വരുന്നു.
7) സംസ്ഥാനത്ത് Life Science മേഖലയിൽ സംരഭകത്വവും തൊഴിൽ സാധ്യതയും ഉയർത്തുക എന്ന ലക്ഷ്യത്തോടെ നെയ്യാറ്റിൻകരയിൽ സ്ഥിതി ചെയ്യുന്ന Noorul Islam Institute of Medical Science (NIMS) & Research Foundation എന്ന സ്ഥാപനവുമായി ചേർന്ന് Life Science മേഖലയിൽ ഒരു മികവിന്റെ കേന്ദ്രം പ്രവർത്തിച്ചു വരുന്നു.
8) ഗ്രാമീണ മേഖലയിലെ യുവജനങ്ങൾക്ക് ലോകോത്തര നൈപുണ്യ പരിശീലനം കൂടുതൽ പ്രയോജനകരമായ രീതിയിൽ നൽകുന്നതിനായി കൗശൽ കേന്ദ്രകൾ രൂപീകരിച്ചിട്ടുണ്ട്. കൗശൽ കേന്ദ്രകൾ കൊല്ലം ജില്ലയിലെ ചവറയിലും പാലക്കാട് ജില്ലയിലെ കുറ്റനാട്ടും കോഴിക്കോട്ട ജില്ലയിലെ പാളയത്തും കാസർഗോഡ് ജില്ലയിലെ ബേഡഡുക്കയിലും പ്രവർത്തിച്ചുവരുന്നു. നൈപുണ്യ

| | | | |
|---|---|---|---|
| | | | വികസനത്തിനായി പുതയ ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ